(ഡി) ഈ ബോർഡിൽ നിലവിൽ എത്ര തസ്തികകളിലായി എത്ര ജീവനക്കാർ ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1954-ൽ

(ബി) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡും സംസ്ഥാന സർക്കാരും തുല്യമായി (50:50) വഹിക്കുന്നു.

(സി) കേരള സർവ്വീസ് റൂൾസ് പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

(ഡി) തസ്തികകളുടേയും ജീവനക്കാരുടേയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ

81 (4961) ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ഓരോ പെൻഷന്റെയും ആകെ ഗുണഭോക്താക്കൾ എത്ര വീതമെന്നും ഓരോ പെൻഷന്റെയും പ്രതിമാസ തുക എത്ര വീതമെന്നും അറിയിക്കുമോ ;

(സി) ഓരോ പെൻഷനും നൽകുന്ന പ്രതിമാസ തുകയിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വികലാംഗ പെൻഷൻ അഗതി (വിധവ) പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ

(ബി)

	ക്ഷേമ പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	പ്രതിമാസ വിഹിതം
1.	വികലാംഗ പെൻഷൻ	207954	300
2.	അഗതി (വിധവ) പെൻഷൻ	484829	300

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

3.	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	181420	300
4.	50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4970	300

(സി) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 200 രൂപ കേന്ദ്രവിഹിതവും 100 രൂപ സംസ്ഥാന വിഹിതവുമാണ്. മറ്റു സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾക്കൊന്നും കേന്ദ്രവിഹിതം ഇല്ല.

സാമൂഹ്യക്ഷേമ ബോർഡ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം

82 (4962) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-3-1979-ലെ കേന്ദ്രസർക്കാർ ഉത്തരവ് അനുസരിച്ച് എല്ലാ സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് ജീവനക്കാർക്കും അനുവദിച്ച പെൻഷൻ തുകയുടെ 50% കേരള സർക്കാർ സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) 2011-ൽ എത്രപേരാണ് ഈ ബോർഡിൽ നിന്നും വിരമിക്കുന്നത് ; 2011-ൽ വിരമിക്കുന്ന ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾക്ക് ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; അടുത്ത റിട്ടയർമെന്റ് ഏതു വർഷമാണ് ;

(സി) ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും നടപ്പാക്കി കഴിഞ്ഞ ബോർഡ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം കേരള സംസ്ഥാന സാമൂഹ്യക്ഷേമബോർഡ് ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഈ ബോർഡിൽ നിന്നും റിട്ടയർ ചെയ്യുന്നവരുടെ പെൻഷൻ തുകയുടെ 50% അനുവദിക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് ജീവനക്കാർക്ക് പെൻഷൻ അനുവദിച്ചിട്ടില്ല.

(ബി) ഒന്ന് വിരമിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങൾക്കായി സർക്കാർ പ്രത്യേകം തുക അനുവദിക്കുന്നില്ല; അടുത്ത റിട്ടയർമെന്റ് 2015-ലാണ്.

(സി) ഇല്ല.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly